(c) അതാതു കോളനിയിലെ ജോലികൾ അതിലെ അധഃകൃതനിവാസികളെകൊണ്ടു് കഴിയുന്നതും ചെയ്യിക്കണമെന്നാണു് ഗവമ്മെൻറിന്റെ ഉദ്ദേശം.

മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കോളനികളിലുള്ള ജോലികളെല്ലാം അധഃകൃതർക്കുതന്നെ കൺട്രാക്ടായി തിരുമാച്ചു കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടും അവർക്കു കൊടുക്കാതെ മറ്റു സമുദായക്കാർക്കു കൊടുത്തതു ന്യായമാണോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.— കഴിയുന്നതും അധഃകൃതർക്കുതന്നെ കൊടുക്കണമെന്നു് ഗവമ്മെൻറിൽനിന്നു് കല്പനയുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—പക്ഷെ മറ്റു സമുദായക്കാർക്കു മാത്രം കൊടുത്തതായിട്ടാണല്ലൊ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഒന്നുമാത്രമെ കൊടുത്തിട്ടുള്ളൂ.

School at Kuttichira.

555. മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കുട്ടികൾക്കു യാതൊരുവിധത്തിലും വിദ്യാഭ്യാസംചെയ്യാൻ സൌകര്യമില്ലാത്ത കുറ്റിച്ചിറദേശത്തുള്ള മുന്നൂറിൽപരം (൩൦൦) കുട്ടികൾക്കു് വിദ്യാഭ്യാസംചെയ്യാൻ ഒരു അധഃകൃതവിദ്യാലയം ഉണ്ടാക്കി കാലതാമസംവിനാ നടപ്പിൽ വരുത്തുവാൻ ബഹുമാനപ്പെട്ട ഗവമ്മെൻറിനു് ആലോചനയുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഗവമ്മെൻറു് ആലോചിക്കുന്നതാണു്.

Water Supply—Depressed Classes.

556. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർ കൂട്ടമായി താമസിക്കുന്ന സങ്കേതങ്ങളിൽ ജലദൌർല്ലഭ്യം നേരിട്ടിട്ടുള്ള സ്ഥലങ്ങളിൽ കുടിയ്ക്കുവാൻ ശുദ്ധജലം കിട്ടത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ കാലതാമസംവിനാ ചെയ്തുകൊടുക്കാതിരിക്കുന്നതെന്തുകൊണ്ടാകുന്നു?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ജലദൌർല്ലഭ്യമുള്ളതായി ഗവമ്മെൻറിനു ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ കൊല്ലംതോറും ഗവമ്മെൻറിന്റെ ധനസ്ഥിതിക്കനുസരിച്ചു് കിണറുകളും മറ്റും ഉണ്ടാക്കി കൊടുക്കുന്നുണ്ടു്.

557. മിസ്റ്റർ കെ. പി. വള്ളോൻ.—കിണറുകൾ കുത്തിയ്ക്കുവാൻ സൌകര്യമുള്ള സ്ഥലങ്ങളിൽ എല്ലായിടത്തും കിണറുകളും, വിശേഷിച്ചു പനമ്പുകാടു്, വല്ലാർപാടം, നെടുങ്ങാടു് വലിയവട്ടം എന്നീദേശങ്ങളിൽ ടാങ്കുകളും ഉണ്ടാക്കി ശുദ്ധജലം ശേഖരിച്ചുകൊടുത്തു് ജനങ്ങളെ രക്ഷിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—കിണറുകൾ അത്യാവശ്യമെന്നു തോന്നുന്ന പലയിടങ്ങളിലും കിണറുകൾകുത്തി ജലസൌകര്യങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്. ടാങ്കുകൾ ഉണ്ടാക്കി ജലശേഖരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നകാര്യം ധനസ്ഥിതി അനുവദിക്കുന്നപക്ഷം ഗവൺമെൻറ് ആലോചിക്കുന്നതാണ്. ചോദ്യത്തിൽ പറയുന്ന സ്ഥലങ്ങളിൽ കളങ്ങൾ ആവശ്യമുണ്ടോഎന്നു് അന്വേഷിച്ചുവരുന്നു.

Communication—Elangunnapuzha etc., villages

558. മിസ്റ്റർ കെ. പി. വള്ളോൻ.—എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, താമരവട്ടം എന്നീദേശങ്ങളിലുള്ള അധഃകൃതക്കും മറ്റും കിഴക്കുപടിഞ്ഞാറ് ഗതാഗതംചെയ്യുന്നതിൽ വളരെ അസൗകര്യം നേരിടുന്നതിനാൽ ടി സ്ഥലങ്ങളിൽ കിഴക്കുപടിഞ്ഞാറ് ഓരോ ഗവൺമെൻറുവഴികൾ ഉണ്ടാക്കി കൊടുക്കാൻ ഗവൺമെൻറിനു് ആലോചനയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഞാറയ്ക്കൽ നിവാസികളായ അധഃകൃതരുടെ ആവശ്യാർത്ഥം അവിടെ കിഴക്കുപടിഞ്ഞാറായി ഒരുവഴിവെട്ടുന്നതിനു് എഴുപ്പാടുചെയ്യുവരുന്നുണ്ടു്. മറ്റുസ്ഥലങ്ങളിൽ വഴികൾ തുറക്കുന്നതിനു് നാട്ടുകാരോമറ്റോ ആവശ്യപ്പെടാത്തതിനാൽ ആലോചനയ്ക്കു് അവസരം വന്നിട്ടില്ല.

Stipends for Depressed Classes—Public Works Department.

559. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ ഏറ്റവും പരിചയം സിദ്ധിച്ചിട്ടുള്ള അധഃകൃതരെ സെക്ഷൻ സൂപ്രണ്ടന്മാരായി നിയമിച്ചു് സ്റ്റയിപ്പൻറ് കൊടുത്തയോനങ്ങിനു് അയക്കുവാൻ ഗവൺമെണ്ടിനു് ഉദ്ദേശമുണ്ടോ.

(b) ടി ഡിപ്പാർട്ടുമെൻറിലെ കരിങ്കല്ലു് പാലങ്ങൾ മുതലായ ചെറിയ കൺട്രാക്ടുകൾ അധഃകൃതന്മാർക്ക് കൊടുത്തു് അവരെ സഹായിക്കാത്തതെന്തുകൊണ്ടാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല.

(b) അധഃകൃതർ കരിങ്കല്ലു് പാലങ്ങൾ മുതലായ ചെറിയ കൺട്രാക്ടുകൾക്കുതന്നെയല്ല, മറ്റെന്തുപണികൾക്കും തരിയായ ദാഹ്യാസു കൊടുക്കുന്നതായാൽ അവരുടെ ദാഹ്യാസുകൾ മറ്റുള്ള ജാതിക്കാരുടേപോലെതന്നെയായതൊരു വ്യത്യാസവും കൂടാതെ നോക്കുന്നതാണ്. അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ഇത്തരം പണികൾ നിവൃത്തിയുള്ള ഇടത്തോളം അധഃകൃതരെത്തന്നെ ഏല്പിക്കുന്നതിനു് ഉത്തരവും അയച്ചിട്ടുണ്ടു്.

Bridge—Trikkur.

560. **Mr. T. A. Ramachandra Ayyar.**—Will the Government be pleased to state whether the Chief Engineer said in the Council that the construction of the bridge in the

LIBRARY ARCHIVES Kerala Legislative Assembly